**കേരളസർക്കാർ**

**കേരള വനം വന്യജീവിവകുപ്പ്**

**കണ്ണൂർ ഡിവിഷൻ**

**ലഘു-ലേല പരസ്യം**

നമ്പർ KFDDO/53539/2025-DFOKNR/KN തിയ്യതി: 17-09-2026

കണ്ണൂർ ഫോറസ്റ്റ് ഡിവിഷനിൽ കണ്ണവം റെയിഞ്ചിനു കിഴിൽ പെരുവ പാലത്തുവയൽ സ്കൂൾ കെട്ടിടത്തിനു ഭീഷണിയായ നിലയിൽ ചാഞ്ഞു നിൽക്കുന്ന 1 മട്ടിമരം 18.09.2026 തീയ്യതി യിൽ സ്ഥലത്തുവെച്ച് നിൽപ്പവിലയ്ക്ക് ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. ഏതെങ്കിലും കാരണ ത്താൽ അന്നേ ദിവസം ലേലം നടക്കാതെ വന്നാൽ 19.09.2026-ൽ നടക്കുന്നതായിരിക്കും. വിശ ദ വിവരത്തിനായി കണ്ണോത്തുംചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലോ കണ്ണവം ഫോറസ് റ്റ് റെയിഞ്ച് ഓഫീസിലോ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

## TENDER SHEDULE

| SL NO | SPECIES | Timber | | | Firewood | | | | Grand Total |
|---|---|---|---|---|---|---|---|---|---|
| | | Quantity of Timber | Rate | Amount | Quantity of FW(M3) | Quantity of FW (MT) | Rate | Amount | – |
| 1. | Mattimaram | 2.116 | 11050 | 23381.8 | 1.716 | 0.858 | 1470 | 1261.2 | 24643.00 |

| | |
|---|---|
| ലേല തീയ്യതിയും സമയവും | 18.09.2026 കാലത്ത് 11 മണി |
| 18.09.2026 തീയ്യതിയിൽ ലേലം നടന്നില്ലെങ്കിൽ പകരം ലേലം നടക്കുന്ന തീയ്യതിയും സമയവും | 19.09.2026 കാലത്ത് 11 മണി |

| | |
|---|---|
| കരാർകാലാവധി | ലേല സ്ഥിരീകരണം അറിയിക്കുന്ന തീയ്യതി മുതൽ 30 ദിവസം |

അഡീഷണൽ പ്രിൻസിപ്പൽ ചീഫ്ഫോറസ്റ്റ്കൺസർവേറ്റർ (സംരക്ഷണം), തിരുവനന്ത പുരത്തിൻറെ 17.10.2014 ലെ പ്രൊ.4-29243/13-ാം നമ്പറായി പ്രസിദ്ധീകരിച്ചിട്ടുള്ള ലേല വ്യവ സ്ഥകൾക്കും നിൽപ്പ മരങ്ങളുടെവിൽപ്പന സംബന്ധിച്ച് നിലവിലുള്ള മറ്റ് വ്യവസ്ഥകൾക്കും പുറമ േ താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ലേലം.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് 20000 രൂപ നിരതദ്രവ്യം ഒടു ക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലത്തിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം അന്നേ ദിവസം തന്നെ തിരികെ നൽകുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ലേലത്തി ന് മുൻപായി മരങ്ങളുടെ ഗുണമേൻമ കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഇത് സംബന്ധിച്ച യാതൊരു പരാതിയും സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ ഡിവിഷ ണൽ ഫോറസ്റ്റ് ഓഫീസിലോ കണ്ണവം റെയിഞ്ച് ഫോറസ്റ്റ് ഓഫീസിലോ എല്ലാ പ്രവൃത്തി ദിവ സങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

വിജയിക്കുന്ന ലേലക്കാരൻ ലേല സ്ഥിരീകരണ കത്ത് ലഭിച്ച് 3 ദിവസത്തിനകം ലേലത്തുകയുട െ ചുരുങ്ങിയത് 35% തുക ഒടുക്കേണ്ടതാണ്. ഈ തുക കേരള സർക്കാരിൻറെ ഇ-ട്രഷറി സംവ ിധാനം മുഖേന അടക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കി യിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടു കെട്ടുന്നതും ടിയാൻറെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

ലേലക്കാരൻറെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തേണ്ടി വരുന്ന പക്ഷം തുക ആദ്യ ലേലത്തുകയേക്കാൾ കുറവായാൽ ടി നഷ്ടവും മറ്റ് ചെലവുകളും ഉൾപ്പെടെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിശ്ചയിക്കുന്ന തുക നഷ്ടം വരുത്തിയ ലേലക്കാരനിൽ നിന്നും റവന്യൂ റിക്ക വറി ഉൾപ്പെടെയുള്ള നടപടികൾ മുഖേന ഈടാക്കുന്നതാണ്.

വിജയിയായ ലേലക്കാരൻ നിലവിലുള്ള നിരക്കിൽ ചരക്ക് സേവന നികുതി, വന വികസന നി കുതി, വരുമാന നികുതി എന്നിവയും ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തിയ്യ തി മുതൽ 7 ദിവസത്തിനകം ബാക്കി തുകയുടെ മൂന്നിലൊന്നും, മൊത്തം തുകയുടെ 5% വനവിക സന നികുതിയും, നിലവിലുള്ള നിരക്കിൽ ചരക്ക് സേവന നികുതി, വരുമാന നികുതി എന്നിവകളു ം ഒടുക്കി 200 രൂപയുടെ മുദ്രപ്പത്രത്തിൽ ഉടമ്പടി വെക്കേണ്ടതുമാണ്.

കരാർകാലാവധിക്കുള്ളിൽ ടി മരം മുറിച്ച് നീക്കം ചെയ്യാത്ത പക്ഷം ആയത് കണ്ടുകെട്ടി സർക്കാ രിലേക്ക് മുതൽക്കൂട്ടുന്നതാണ്. കരാർ കാലാവധി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തിയ്യതി മു തൽ 30 ദിവസമാണ്.മറ്റൊരു മുന്നറിയിപ്പും കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനായുള്ള അധികാരം കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ഓക്ഷൻ സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ - dfo-knr.for@kerala.gov.in, dfoknr@gmail.com

ഫോൺ ഡിവിഷൻ ഓഫീസ്04972704808 ; കണ്ണവം റെയിഞ്ച്ഫോറസ്റ്റ്ഓഫീസ് - 049023009 71

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കണ്ണൂർ

(കേരളഗവർണ്ണർക്കുവേണ്ടി)

Digitally signed by
SAJI K
Date: 17-09-2026
16:03:15

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കണ്ണൂർ

To,